പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4185

24.10.2016 ൽ
മറുപടിക്ക്

## ജനമൈത്രി പോലീസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. അനിൽ അക്കര | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ജനമൈത്രി പോലീസ് പദ്ധതി തുടങ്ങിയതെന്നാണ്; | എ) ജനമൈത്രി സുരക്ഷാ പദ്ധതി 2008 മാർച്ചിൽ ആരംഭിച്ചു. |
| ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ പോലീസ് വകുപ്പിൽ നിന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; | ബി) ജനമൈത്രി പോലീസ്/കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയിനത്തിൽ 2007-08 വർഷം മുതൽ 2015-16 വരെയുള്ള ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 2007-08 | 15 ലക്ഷം |
| 2008-09 | 23 ലക്ഷം |
| 2009-10 | 43 ലക്ഷം |
| 2010-11 | 253.78 ലക്ഷം |
| 2011-12 | 75 ലക്ഷം |
| 2012-13 | 200 ലക്ഷം |
| 2013-14 | 249.09 ലക്ഷം |
| 2014-15 | 245.77 ലക്ഷം |
| 2015-16 | 302 ലക്ഷം |

| | |
|---|---|
| സി) ചെലവഴിച്ച തുക സംബന്ധിച്ച് ആഡിറ്റ് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) യും (ഡി) യും പോലീസ് ആസ്ഥാനത്ത് നിന്നും കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതികൾക്കായി അനുവദിക്കുന്ന തുക വിവിധ പോലീസ് യൂണിറ്റ് മേധാവികൾ മുഖേന നടപ്പിലാക്കുകയാണ് പതിവ്. ഇവയുടെ ചെലവ് കണക്കുകൾ അതാത് യൂണിറ്റിൽ |

(ഡി) ഇല്ലെങ്കിൽ ചെലവഴിച്ച തുകയുടെ ആഡിറ്റ് എത്രയും വേഗത്തിൽ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗം കാലാകാലങ്ങളിൽ നടത്താറുള്ള പരിശോധനയിൽ ഉൾപ്പെടുത്തി ആഡിറ്റ് നടത്താറുണ്ട്.

തോമസ് ഐസക്